B-14562

# കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ കുട്ടോത്ത് - അട്ടക്കുണ്ട് റോഡ് വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കലിലുള്ള സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ കുറിപ്പ്

നിർദ്ധിഷ്ട റോഡ് പദ്ധതി പ്രദേശത്തിന്റെ വികസനത്തിൽ സഹായകരമാവുകയും ഗതാഗതം സുഗമമാക്കുകയും റിപ്പോർട്ടിൽ പറഞ്ഞ പ്രകാരമുള്ള അപകടസാധ്യതകൾ കുറക്കുകയും ചെയ്യും. പദ്ധതിക്കായി ഏറ്റെടുക്കുന്ന 4 പഞ്ചായത്തുകളിലെ 6.241 ഹെക്ടർ പ്രദേശത്തെ 8 വീടുകൾ പൂർണമായും 751 ഓളം ആളുകളുടെ ഭൂമി, 46 ഓളം കടകൾ, കച്ചവടങ്ങൾ, 238 ഓളം മതിലുകൾ, 13 കിണർ, 3 സ്കൂളുകൾ, 3 വായനശാലകൾ, 6 സാംസ്കാരിക സ്ഥാപനങ്ങൾ, 2 മതസ്ഥാപനങ്ങൾ, 1 ശ്മശാനം എന്നിവയെ പൂർണമായോ ഭാഗികമായോ ബാധിക്കുകയും ചെയ്യും.

2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനുമുള്ള അവകാശ നിയമപ്രകാരം വസ്തുവകകൾ നഷ്ടപ്പെടുന്നവർക്ക് ഉചിതവും ന്യായവും മതിയായതുമായ നഷ്ടപരിഹാരം നൽകൽ, പാർപ്പിടം നഷ്ടപ്പെടുന്ന കുടുംബത്തിന് ഉചിതവും ന്യായവും മതിയായതുമായ പുനരധിവാസം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കി പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാവുന്നതാണ്.

ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ നിർദ്ധിഷ്ട പദ്ധതിയുടെ പ്രതീക്ഷിക്കപ്പെടുന്ന നേട്ടങ്ങൾ ഏറെ ഗുണം ചെയ്യുമെങ്കിലും, പദ്ധതി നടപ്പിലാക്കുന്നത് മൂലമുണ്ടാകുന്ന സാമൂഹ്യ ചെലവ്, പ്രതികൂല സാമൂഹ്യ ആഘാതങ്ങൾ എന്നിവയും കൂടി കണക്കിലെടുക്കുമ്പോൾ, 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമപ്രകാരം പദ്ധതി മൂലം താമസ ഭവനം നഷ്ടപ്പെടുന്ന കുടുംബങ്ങളെ അവർക്ക് തൃപ്തികരമായ രീതിയിൽ സമയബന്ധിതമായി പുനരധിവസിപ്പിക്കേണ്ടതും ഉചിതവും ന്യായവുമായ നഷ്ടപരിഹാരങ്ങൾ നൽകേണ്ടതും പദ്ധതി മൂലം ഭൂമി, കച്ചവട സ്ഥാപനങ്ങൾ, സാംസ്കാരിക-വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയം, വൃക്ഷങ്ങൾ തുടങ്ങിയവ നഷ്ടപ്പെടുന്നതിനാൽ ഉചിതമായ പ്രത്യാഘാത ലഘൂകരണ നടപടികൾ രൂപീകരിക്കേണ്ടതുണ്ട്, കൂടാതെ ഉചിതവും ന്യായവുമായ നഷ്ടപരിഹാരം സമയബന്ധിതമായി നൽകേണ്ടതുണ്ട്.

പദ്ധതി ബാധിതരായ എല്ലാ ഭൂമി / വീട് ഉടമകൾക്കും ഭൂമി ഏറ്റെടുക്കുന്നതിനു ശേഷമുള്ള ഭൂമിയിൽ നിർമാണ, പുനർനിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സുരക്ഷയെ ബാധിക്കാതെ ആവശ്യമെങ്കിൽ വീട് / കെട്ടിട നിർമാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കേണ്ടതാണ്.

പദ്ധതി മൂലം വീടുകളിലേക്കും അവശേഷിക്കുന്ന ഭൂമിയിലേക്കുമുള്ള പ്രവേശന മാർഗങ്ങളുടെ നഷ്ടം പ്രവേശന മാർഗങ്ങളുടെ പുനസ്ഥാപനം പദ്ധതിയിൽ ഉൾപ്പെടുത്തി നികത്തേണ്ടതാണ്.

പദ്ധതി മൂലം 1000 ഓളം വൃക്ഷങ്ങൾ മുറിച്ചു മാറ്റപ്പെടുമെന്നാണ് കണക്കാക്കപ്പെടുന്നത്, ആയതിനാൽ നഷ്ടപ്പെടുന്നതിനു തുല്യമായി മരങ്ങൾ വെച്ച് പിടിപ്പിക്കണമെന്നും അതിനായി ബന്ധപ്പെട്ട ഏജൻസിയെ ഗവണ്മെന്റ് ചുമതലപ്പെടുത്തേണ്ടതുമാണ്.

മതപരമായ ആരാധനാലയങ്ങളും ആസ്തികളും പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ കൃത്യമായ രീതിയിലുള്ള ചർച്ചകളും കൂടിയാലോചനകളും നടന്നിട്ടുണ്ടെന്നും ഉറപ്പ് വരുത്തണം.

ഭൂമി ഏറ്റെടുക്കലിലും താമസഭവനം പൂർണമായും നഷ്ടമാകുന്ന 8ഓളം കുടുംബങ്ങളുടെ പുനരധിവാസത്തിലും നഷ്ട പരിഹാര വിതരണത്തിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാനായി നിയമാനുസൃതമായ മേൽനോട്ട-നിയന്ത്രണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും ഭൂമി ഏറ്റെടുക്കാൽ,പുനരധിവാസം എന്നിവയുടെ നടപടി ക്രമങ്ങളിൽ പദ്ധതി ബാധിതരെ ഉൾപെടുത്തേണ്ടതും പരാതി പരിഹാരത്തിനായി ജില്ലാ തലത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും നിയമനുസൃതം പ്രവർത്തന സജ്ജമായ പരാതി പരിഹാര സംവിധാനം ഉറപ്പ് വരുത്തേണ്ടതാണ്.

പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 15 മീറ്റർ റോഡിന്റെ വീതി എന്നത് 12 മീറ്റർ എന്ന രീതിയിലേക്ക് പദ്ധതിയുടെ സ്വഭാവം മാറാതെ മാറ്റുവാനുള്ള നിയമപരമായ മാർഗങ്ങളുണ്ടെങ്കിൽ പദ്ധതിയുടെ ദോഷ ഫലങ്ങൾ വലിയൊരളവ് വരെ കുറക്കാൻ സാധിക്കുന്നതാണ് എന്ന അഭിപ്രായവും പരിഗണിക്കാവുന്നതാണ്.കൂടാതെ പദ്ധതി പ്രദേശത്ത് വാഹനത്തിരക്ക് കുറവായതു കൊണ്ടും ഗ്രാമീണ മേഖലകൾ ആയതു കൊണ്ടും 12 മീറ്റർ വീതിയിൽ റോഡ് നിർമാണം പൂർത്തിയാക്കുകയാണെങ്കിൽ പരിസ്ഥിതിക്കും പ്രദേശവാസികൾക്കും ഉണ്ടാകുന്ന ആഘാതങ്ങൾ വീണ്ടും ലഘുകരിക്കാവുന്നതാണ്.

ദോഷഫലങ്ങളും ഗുണഫലങ്ങളും താരതമ്യം ചെയ്യുമ്പോൾ ഗുണങ്ങൾക്കുള്ള മുൻതൂക്കം പരിഗണിച്ചു അനുയോജ്യമായ സ്ഥലമാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിരിക്കുന്നത്. ഉചിതമായ രീതിയിലുള്ള ഫലപ്രദമായ പ്രത്യാഘാത ലഘുകരണ നടപടികളിലൂടെയും നിയമാനുസൃതമായ നഷ്ടപരിഹാരത്തിലൂടെയും പദ്ധതിയുടെ ദോഷഫലങ്ങളെ ഒരളവ് വരെ കുറക്കാൻ സാധിക്കും.

ആയതിനാൽ നിർദ്ധിഷ്ട പദ്ധതിക്ക് വേണ്ടിയുള്ള ഭൂമിയേറ്റെടുക്കൽ നടപടിയുമായി മുന്നോട്ട് പോകാവുന്നതാണ് എന്ന് ഈ വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

ജസീൽ റഹ്മാൻ കെ
(ചെയർമാൻ & അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ)
രേഷ്മദാസ് (അനൗദ്യോഗിക സാമൂഹിക ശാസ്ത്രജ്ഞൻ)

റംല എൻ (ഡെപ്യൂട്ടി കളക്ടർ- എൽ എ)

മുരളീധരൻ (സ്പെഷ്യൽ തഹസിൽദാർ -എൽ എ)

സി എച്ച് അബ്ദുൾ ഗഫൂർ (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ)

ആനന്ദവല്ലി (ബ്ലോക്ക് പഞ്ചായത്ത് അംഗം)

ഷിജു (വാർഡ് 1 മണിയൂർ പഞ്ചായത്ത്)